കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ - 21. 5.2009

പത്രക്കുറിപ്പ്:

# നീർമാതളഭൂമിയിൽ നാലപ്പാട്ട് സാഹിത്യസമുച്ചയം

സാഹിത്യത്തിലെ മൂന്നു തലമുറകൾ ജീവിക്കുകയും എഴുത്തിലൂടെ അനശ്വരമാക്കുകയും ചെയ്ത നാലപ്പാട്ട് തറവാട്ടുവളപ്പിൽ 'നാലപ്പാട്ട് സാഹിത്യസമുച്ചയം' യാഥാർത്ഥ്യമാവുന്നു. മലയാളിയുടെ പ്രിയങ്കരിയായ എഴുത്തുകാരി കമലാസുറയ്യ കേരള സാഹിത്യ അക്കാദമിക്ക് നൽകിയ നീർമാതളഭൂമിയിൽ എഴുത്തുകാർക്ക് താമസിച്ച് ഗ്രന്ഥരചന നടത്തുവാനും സാഹിത്യസംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കാനുമാണ് ഈ സമുച്ചയം. നാലപ്പാട്ട് മ്യൂസിയവും, ഗ്രന്ഥാലയവും ഇതോടൊപ്പമുണ്ടാകും. ഇന്ന് സ്ഥലം സന്ദർശിച്ചവേളയിൽ ബഹു. വിദ്യാഭ്യാസ-സാംസാക്കാരിക വകുപ്പുമന്ത്രി എം.എ.ബേബിയാണ് ഇക്കാര്യം അറിയിച്ചത്.

നിർദ്ദിഷ്ടസ്ഥലത്തെ കുളവും കാവും അതേപടി നിലനിർത്തിക്കൊണ്ട് ഒരൊറ്റ മരം പോലും മുറിക്കാതെ പരിസ്ഥിതിസൗഹൃദം പാലിച്ചുകൊണ്ടായിരിക്കും സാഹിത്യസമുച്ചയത്തിന്റെ നിർമ്മാണം. കമല സുറയ്യ അക്കാദമിക്ക് നൽകിയ ഭൂമിയോടു ചേർന്ന് കെ.ബി.സുകുമാരൻ സംഭാവന നൽകിയ ഭൂമി കൂടി ഉൾപ്പെടുത്തിയായിരിക്കും സ്മാരകം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ത്രിതലപഞ്ചായത്തുകളുടെയും എം.എൽ.എ.-എം.പി.മാരുടെയും തദ്ദേശവാസികളുടെയും സഹായസഹകരണങ്ങളോടെയായിരിക്കും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുക. ഇതിന് സർക്കാരും, കേരള സാഹിത്യ അക്കാദമിയും നേതൃത്വം നൽകും. ഇതേക്കുറിച്ച് സമഗ്രമായി ആലോചിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരുടെയും യോഗം വൈകാതെ, സാഹിത്യ അക്കാദമിയിൽ ചേരണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

അക്കാദമി പ്രസിഡണ്ട് എം.മുകുന്ദൻ, സെക്രട്ടറി പുരുഷൻ കടലുണ്ടി, നിർവ്വാഹകസമിതിയംഗം രാവുണ്ണി, കെ.വി.അബ്ദുൾഖാദർ എം.എൽ.എ., ബാബു എം.പാലിശ്ശേരി എം.എൽ.എ.,കെ.ബി.സുകുമാരൻ, നാലപ്പാട്ട് കുടുംബാംഗങ്ങൾ, നാലപ്പാടൻ സ്മാരകസമിതി ഭാരവാഹികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ മന്ത്രിയുടെ സന്ദർശനവേളയിൽ സന്നിഹിതരായിരുന്നു.

പുരുഷൻ കടലുണ്ടി
സെക്രട്ടറി